"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - സൂപ്രണ്ടിംഗ് എഞ്ചിനീയർ ശ്രീ. സന്ദീപ് കെ. ജി.-ക്ക്, ചീഫ് എഞ്ചിനീയർ തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യു.എ) വകുപ്പ്

G.O.(Rt)No.599/2021/LSGD തീയതി, തിരുവനന്തപുരം, 26/02/2021

---

പരാമർശം:- 1 സ. ഉ. (സാധാ) നം.2310/2020/തസ്വഭവ തീയതി 15.12.2020.

2 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 03.02.2021-ലെ ഇ1/607/2014/സി.ഇ/തസ്വഭവ നമ്പർ കത്ത്.

<u>ഉത്തരവ്</u>

തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിൽ 14.01.2020 മുതൽ സേവനമനുഷ്ഠിക്കുന്ന ഏറ്റവും സീനിയറായ ശ്രീ. സന്ദീപ് കെ. ജി.-യെ ചീഫ് എഞ്ചിനീയർ തസ്തികയിലേക്ക് താൽക്കാലിക പ്രൊമോഷൻ നൽകുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിൽ ഒരു വർഷത്തെ സേവനം പൂർത്തിയാക്കിയിട്ടുള്ള ശ്രീ. സന്ദീപ് കെ. ജി., 14.07.2020 പൂർവ്വാഹ്നം പ്രാബല്യത്തിൽ ടി തസ്തികയിലെ പ്രൊബേഷൻ പരാമർശം (1) ഉത്തരവ് പ്രകാരം ഡിക്ലയർ ചെയ്തിട്ടുണ്ട്. ടിയാനെതിരെ യാതൊരു അച്ചടക്കനടപടികളോ വിജിലൻസ് കേസുകളോ നിലവിലില്ല. ടിയാന് ചീഫ് എഞ്ചിനീയർ തസ്തികയിലേക്കുള്ള റെഗുലർ പ്രൊമോഷന് വേണ്ടിയുള്ള എല്ലാവിധ യോഗ്യതയുമുണ്ട്. കെ.എസ്.ആർ.ആർ.ഡി.എ ചീഫ് എഞ്ചിനീയർ തസ്തിക 01.09.2020 മുതൽ ഒഴിഞ്ഞു കിടക്കുകയാണ്. PMGSY പോലുള്ള പ്രധാനപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്ന പ്രസ്തുത ഏജൻസിയുടെ തലപ്പത്ത് ചീഫ് എഞ്ചിനീയർ കേഡറിലുള്ള ഉദ്യോഗസ്ഥർ ഇല്ലാത്തത് ഭരണപരമായ ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുണ്ട്. ആയതിനാൽ ടി തസ്തികയിൽ അടിയന്തിരമായി നിയമനം നടത്തേണ്ടതുണ്ട്. എന്നാൽ, ചീഫ് എഞ്ചിനീയർ തസ്തികയിലേക്കുള്ള സെലക്ട് ലിസ്റ്റ് നിലവിലില്ല. സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ സീനിയോറിറ്റി ലിസ്റ്റ് തീർപ്പ് കൽപ്പിച്ചിട്ടില്ലാത്തതിനാൽ ഉടനടി ഡി.പി.സി ചേർന്ന് കൊണ്ട് സെലക്ട് ലിസ്റ്റ് തയ്യാറാക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

3. മേൽ സാഹചര്യത്തിൽ, ചീഫ് എഞ്ചിനീയർ തസ്തികയിലേക്ക് റഗുലർ പ്രൊമോഷന് പൂർണ്ണമായും യോഗ്യനായ തദ്ദേശസ്വയം ഭരണ വകുപ്പ് സീനിയർ മോസ്റ്റ് സൂപ്രണ്ടിംഗ് എഞ്ചിനീയർ ശ്രീ. സന്ദീപ് കെ. ജി.-ക്ക് ചീഫ് എഞ്ചിനീയർ തസ്തികയിലേക്ക് 93,000-1,20,000/- രൂപ ശമ്പള സ്കെയിലിൽ കെ.എസ്.& എസ്.എസ്.ആർ. ഭാഗം-II ചട്ടം 31 (a) (i) പ്രകാരം താൽക്കാലിക സ്ഥാനക്കയറ്റം അനുവദിച്ചു കൊണ്ടും, ടിയാനെ കെ.എസ്.ആർ.ആർ.ഡി.എ ചീഫ് എഞ്ചിനീയറായി നിയമിച്ചു കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BIJUKUTTAN.M.S
ADDITIONAL SECRETARY

(മറുപുറം)

പകർപ്പ് :

1. ശ്രീ. സന്ദീപ് കെ. ജി., സൂപ്രണ്ടിംഗ് എഞ്ചിനീയർ *(തസ്ഥഭവ ചീഫ് എഞ്ചിനീയർ മുഖേന)*
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. ബന്ധപ്പെട്ട ജില്ലാ ട്രഷറി ഓഫീസർ/സബ് ട്രഷറി ഓഫീസർ *(തസ്ഥഭവ ചീഫ് എഞ്ചിനീയർ മുഖേന)*
6. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SREEKANTH G
Date: 2021.02.26 13:39:46 IST
Reason: Approved

സെക്ഷൻ ഓഫീസർ